8. ലോണിനായി ബാങ്കുകളെയും ധനകാര്യ സ്ഥാപനങ്ങളെയും സമീപിച്ചുവെങ്കിലും അവർ തയ്യാറാകാത്തിനെ തുടർന്ന് സ്വന്തം ഫണ്ട് കമ്പനി കണ്ടെത്തി.

9. ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിനെയും മലിനീകരണ നിയന്ത്രണ ബോർഡിനെയും സമ്മതപത്രങ്ങൾക്കായി സമീപിച്ചു.

10. വേസ്റ്റ് പേപ്പറും ഇറക്കുമതി ചെയ്ത പൾപ്പും അസംസ്കൃത വസ്തുക്കളായി ഉപയോഗിക്കാൻ തീരുമാനിച്ചു.

11. പുതിയ Pulping System സ്ഥാപിച്ചു.

12. വൈദ്യുതീകരണ സംവിധാനം പരിഷ്കരിച്ചു.

13. മലിനജലം ഒഴിവാക്കുന്നതിന് Krofta സ്ഥാപിച്ചു.

(സി) പുനലൂർ പേപ്പർ മില്ലിന്റെ നിലവിലുള്ള സാമ്പത്തിക ബാദ്ധ്യതകൾ തീർപ്പാക്കുന്നതിനും പ്രവർത്തന മൂലധനം കണ്ടെത്തുന്നതിനുമായി കമ്പനിയുടെ സ്വന്തം ഭൂമി ഉൾപ്പെടെയുള്ള സ്ഥിരം ആസ്തികൾ വിൽക്കുകയോ പാട്ടത്തിന് നൽകുകയോ ചെയ്യുന്നത് സംബന്ധിച്ച് 27-9-2014-ൽ ചേർന്ന വാർഷിക പൊതുയോഗത്തിൽ ചർച്ച ചെയ്യുകയും ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതിന് കമ്പനിയുടെ ഡയറക്ടർ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുള്ളതായും ഓഹരി ഉടമകൾ ഇക്കാര്യം അംഗീകരിച്ചതായും കമ്പനി അറിയിച്ചിട്ടുണ്ട്. എന്നാൽ BIFR ഉൾപ്പെടെയുള്ള ബന്ധപ്പെട്ട അധികാരികളിൽ നിന്നും അനുമതി ലഭിച്ചതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ കമ്പനിക്ക് കഴിയുകയുള്ളൂ. ഈ വിഷയം പരിശോധിച്ച് അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കുവാൻ കൊല്ലം ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജനറൽ മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധി

227 (2465) ശ്രീ. എം. എ. ബേബി :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധിയെന്താണെന്ന് അവലോകനം നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് ഈ മേഖലയിലെ ട്രേഡ് യൂണിയനുകൾ നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് അനുഭാവപൂർണ്ണമായ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നടത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കേരളത്തിലെ കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധികളാണ് ആഭ്യന്തര വിപണിയിൽ നിന്നുള്ള തോട്ടണ്ടിയുടെ ലഭ്യതക്കുറവും കടിവറുപ്പ് എന്ന പേരിൽ അറിയപ്പെടുന്ന അനധികൃത കശുവണ്ടി സംസ്കരണവും വിപണനവും കശുമാവ് കൃഷിയുടെ വ്യാപനവും അതുവഴി തോട്ടണ്ടിയുടെ ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി 2007-ൽ സംസ്ഥാന സർക്കാർ കേരളാ കശുമാവ് കൃഷി വികസന ഏജൻസി (കെ.എസ്.എ.സി.സി.) സ്ഥാപിച്ചു നാളിതുവരെയായി. കെ.എസ്.എ.സി.സി. ഏകദേശം 24000 ഹെക്ടർ സ്ഥലത്ത് അത്യുൽപ്പാദനശേഷിയുള്ള കശുമാവിൻതൈകൾ ഉപയോഗിച്ച് കശുമാവ് കൃഷി വ്യാപനം നടത്തിയിട്ടുണ്ട്. ഇവയിൽ നിന്നും പൂർണ്ണതോതിലുള്ള വിളവ് വരും വർഷങ്ങളിലെ വിപണിയിൽ പ്രതിഫലിക്കും. വരുത്ത തോട്ടണ്ടി അനുബന്ധ സംസ്കരണ പ്രക്രീയകൾ ചെയ്യുന്ന ആവശ്യത്തിലേക്കായി അനധികൃത സംസ്കരണ കേന്ദ്രങ്ങളിലേക്ക് കൊണ്ടുവന്ന് കടിവറുപ്പ് സമ്പ്രദായം പ്രോത്സാഹിപ്പിക്കുന്ന രീതിയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ ഷെല്ലിംഗിനുശേഷം വരുന്ന ഉണങ്ങിയ പരിപ്പ് തോട് പൊളിക്കൽ, തരംതിരിക്കൽ തുടങ്ങിയ സംസ്കരണ പ്രക്രീയകൾക്കായി വീടുകളിലെത്തിച്ച് ജോലി ചെയ്യിപ്പിക്കുന്ന പ്രവണതയും വ്യാപകമാണ്. ഇത്തരം നടപടികൾ ചെറുക്കുന്നതിലേക്കായി കാഷ്യൂ സ്പെഷ്യൽ ഓഫീസിൽ നിന്നും അനധികൃത സംസ്കരണ കേന്ദ്രങ്ങൾ കണ്ടെത്തുകയും അവ നിർത്തിവയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും സാധ്യമായ കേന്ദ്രങ്ങളിൽ നിയമപ്രകാരം റെയിഡ്, സീഷർ എന്നിവ നടത്തി കോടതികളിൽ കേസ് ചാർജ്ജ് ചെയ്യുന്നുണ്ട്. 1967-ലെ അൺറജിസ്റ്റേഡ് കാഷ്യൂനട്ട് ഫാക്ടീസ് (പ്രൊഹിബിഷൻ) ആക്ട് അനുസരിച്ച് നിരവധി റെയിഡുകൾ നടത്തുകയും നിരവധി കേസുകൾ കടിവറുപ്പ് നടത്തിയവർക്കെതിരെ കോടതിയിൽ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയാണ് കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സും നേരിടുന്ന പ്രധാന പ്രതിസന്ധി. സർക്കാർ നൽകുന്ന പ്ലാൻഫണ്ട് ഉപയോഗിച്ച് ഫാക്ടറികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ കാഷ്യൂ കോർപ്പറേഷനും കാപെക്സും സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly